# തങ്കക്കിനാവുകൾ

1851

(അഞ്ചാംപതിപ്പ്.)

~~39425~~

KOTTAYAM PUBLIC LIBRARY
KOTTAYAM.

രചയിതാക്കൾ:—

കെ. ബി. അബൂബക്കർ

വി. എ. മുഹമ്മദ്

(പകർപ്പവകാശം പ്രസാധകർക്ക്.)

ഒന്നാംപതിപ്പ് 1953 ജനുവരി കോപ്പി 1000
രണ്ടാംപതിപ്പ് 1954 മാർച്ച് കോപ്പി 1000
മൂന്നാംപതിപ്പ് 1955 ഒക്ടോബർ കോപ്പി 1500
നാലാംപതിപ്പ് 1958 ജൂലായ് കോപ്പി 1000
അഞ്ചാംപതിപ്പ് 1961 മേയ് കോപ്പി 1000

വില പൈസ: 25

പ്രസാധകന്മാർ:—

**ആമിനാ ബുക്ക് സ്റ്റാൾ,**

ഫോൺ: 787

തൃശ്ശൂർ - 1. S. INDIA

# ഉള്ളടക്കം


| | | |
|---|---|---|
| 1. | പടയുടെ പാട്ട് | (കെ. ബി. അബൂബക്കർ.) |
| 2. | നീറുന്ന ചിന്തകൾ | (വി. എ. മുഹമ്മദ്.) |
| 3. | മറന്നു പോയോ? | (കെ. ബി. അബൂബക്കർ.) |
| 4. | വേശ്യ | (വി. എ. മുഹമ്മദ്.) |
| 5. | വേർപാട്ട് | (കെ. ബി. അബൂബക്കർ.) |
| 6. | കരയുന്ന കവിത | (വി. എ മുഹമ്മദ്.) |
| 7. | തങ്കക്കിനാവുകൾ | കെ. ബി അബൂബക്കർ ) |
| 8. | സല്ലാപത്തിൻെറ പിന്നിൽ | (വി. എ മുഹമ്മദ്.) |
| 9. | പരമാർത്ഥങ്ങൾ | (കെ. ബി. അബൂബക്കർ ) |
| 10. | വരും സുദിനം! | (കെ. ബി. അബൂബക്കർ.) |
| 11. | ഒഴിഞ്ഞുമാറൽ | (വി. എ. മുഹമ്മദ്.) |
| 12. | പ്രോത്സാഹനം | (കെ. ബി. അബൂബക്കർ.) |


## "THANKAKKINAVUKAL"

Malayalam. (Poetry.)

BY


K. B. ABOOBACKER & V. A. MOHAMED.



Fifth Edition. Copy Right

*Publishers,*

**AMINA BOOK STALL,**

Phone: 787

TRICHUR-1. KERALA, S. INDIA

39425
KOTTAYAM PUBLIC LIBRARY
KOTTAYAM.

# പടയുടെ പാട്ട്

കെ. ബി. അബൂബക്കർ

[രീതി:— "തടകിമണത്തെ.........................."]

കഥയിതുകേൾപ്പാൻ കനിവുണ്ടോ ?
കരുണരസം നിങ്ങളിലുണ്ടോ ?
കഥയിതു കേട്ടാൽ കരയുവാനുള്ള കരളലിവുണ്ടോ ?
വഴിവൊട്ട—
മനുജതതിങ്ങും മനമതിനേകം അകമതിലുണ്ടോ ?
പകലിരവെന്യെ പണക്കാരൻ
പതിതരെ ചോര പണമാക്കി
പണിയുകയല്ലേ പരിചൊടുമേട എവിടെയുമിപ്പോൾ
അതിനുടെ—
പരിസരമെല്ലാം ചെറു ചെറു കൂര കരയുകയല്ലേ ?
നിണമതു വാർത്തു ധനമാക്കി
കനമൊടുമേട പണിയാക്കി
ധനപതിമാർകൾ അതിനകമങ്ങ് ഞെളിയുകയല്ലേ ?
അതുപൊഴു.—
തവനിയിലെന്നും പതിതനാം കേലൻ വലയുകയല്ലേ ?
ചെറു, ചെറു, മക്കൾ മടിക്കുമ്പോൾ
ഉരുളകൾ വാരി കഴിക്കുമ്പോൾ
എരിപൊരികൊണ്ടു വിരളുകയല്ലേ കേലനുമക്കൾ
അതിനൊരു—
അരുതിയുംപാർത്തു കരയുകയല്ലേ സർവ്വരുമിപ്പോൾ

ഉടുതുണിയില്ലാതുഴലുന്ന
കുടിയിടമില്ലാതുതാഴുകുന്ന
തടികളിലല്ലേ ഭുവനമിൻ ജീവസുമം വിടരുന്നു

അവരുടെ—

കൊടികളുയന്നാൽ പടയുടെ ഗാനം ഉയരുകയില്ലേ ?
മേടമുകളിൽ പണക്കാരൻ !
കുടിലുകൾക്കുള്ളിൽ പണിക്കാരർ !!
ഇടതടവില്ലാതവരുടെ ഗാനം പടയുടെ ഗാനം

അവരുടെ—

പടയുടെ ഗാനം, പടയുടെ ഗാനം പടരുകയല്ലേ ?

# നീറുന്ന ചിന്തകൾ

വി. എ. മുഹമ്മദ്

രീതി:— "നേടന്താർ—ബദർ........"

മുത്തിലുംതെളിമുന്തുന്ന ബീവി
സത്തിലും ശുദ്ധരാജസചരൂപി
പ്രേമപൂന്തോപ്പിൽ ലാലസിച്ചീടും
കാമിതർ സുഖസൌന്ദര്യബീവി
ചന്തമേറുമൊരംബുജമൊട്ട്
ചന്തമോടെ വിരിയുന്ന ലോലെ
പങ്കജനയനങ്ങളിലൂടെ
പൊങ്കിടും മികവേറുന്ന ലോലെ
പങ്കമററിടും തങ്കത്തെപ്പോലും
അങ്കം തോല്പിക്കും മാനിതബീവി
മെല്ലെ മാറതിൽ മൊട്ടിട്ടുയരും
മല്ലശോഭിതപൂരിതബീവി

1851

ചന്തമേറും നിൻചിന്തകളെന്തോ
ഹന്തമന്മനം പൊള്ളുന്നിതെന്തോ?
കഷ്ടം നിന്മനം പാടുന്നിതെന്തോ?
ഇഷ്ടം! മന്മനം നീറുന്നിതെന്തോ?
ആശതൻപാശകേശത്തിലെന്നെ
ക്ലേശിപ്പിക്കുമോ മാനിതപൊന്നെ
സുസ്മേരമാകും സ്വേദകണങ്ങൾ
ചിന്നിചിന്നും നിൻതുമുഖം തന്നിൽ
സക്തിചേർന്നീടുമെൻ കൈലേസാൽ
മുക്തിനേടുവാനൊക്കുമോ ബീവി
കണ്ണുപീയൂഷമായിടും ഗാനം
വണ്ണമാററങ്ങളില്ലാതെ ചൊല്ലാൻ
ഏവനും നീതി കല്പിക്കും നാളിൽ
കേവലം വിലക്കീടുമൊ എന്നിൽ
ക്ലേശമേറിയ ജീവിതമായ
ആശതന്നുടെ കേദാരമായ
ദുഃഖസാഗരത്തിൻ നടുവിന്നേ
കേററുമോ സമഭൂമിയിലെന്നേ
ആശതൻധാമമെ നിൻെറ മാറിൽ
ആശ്വസിക്കട്ടെ തൂലികസ്വല്പം.

# മറന്നുപോയോ?

കെ. ബി. അബൂബക്കർ.

[രീതി:— "ഒരിക്കൽ മുങ്ങിക്കുളിച്ച കുളം........"]

മറന്നുപോയോ, മറന്നുപോയോ മധുരേകന്ന ദിനങ്ങൾ
മധുരരാക്കൾ മറന്നുപോയോ മധുവിധുവിൽ മയങ്ങി.

ചെറുപ്പകാലം മുതൽ തുടങ്ങിട്ടിതുവരെ നാം കഴിഞ്ഞ
വെറുപ്പകന്ന വിനോദകാലം മറന്നുപോയോ കരളേ!
പലക്കഷ്ണംകരത്തിലേന്തി മുസ്'ലിയാരെ അടുക്കൽ
പഠിപ്പിന്നായി നടന്നുപോയ സുദിനങ്ങളെ മറന്നോ ?
മണംപരത്തും പനിനീർപ്പൂവ് പറിച്ചെടുത്തു കരമിൽ
മണക്കാനായി പിടിച്ചനേരം 'സുല' വലിച്ചങ്ങെടുത്തു.
മടക്കിവാങ്ങാൻ തുനിഞ്ഞനേരം മുഖങ്ങൾ തമ്മിലുരുമ്മി
പടക്കളത്തിൽ പതിച്ചപോലെ പതുങ്ങിനമ്മളൊതുങ്ങി
അതുമുതൽനാം അടുത്തിടുമ്പോൾ പുതുതായൊരു പുതുമ
അകന്നിടാതെ കഴിഞ്ഞുകൂടാൻ ഹൃദയം തമ്മിലൊരുമ!

** ** ** ** ** **

പഠിപ്പയന്ന നഗരംതന്നിൽ കലാലയത്തിലണഞ്ഞു
പതിതനാംഞാൻപരസഹായാൽ
കലാലയത്തിലണഞ്ഞു
അവിടെയുംനാം പ്രണയബന്ധം പലതരത്തിൽപുതുക്കി
കവിഞ്ഞരോഷംയുവജനങ്ങൾപലരുംഅപ്പോൾഅടക്കി

* * * * * * * *

ബിരുദംനേടി തിരിച്ചുവന്ന സുദിനങ്ങളെ മറന്നോ ?
ഇരുഗൃഹങ്ങൾ നിറയെ അന്നു അനുമോദനം പരന്നു.
നിശാമദ്ധ്യത്തിൽ സമാഗമങ്ങൾതുരുതുരെ നാം നടത്തി
പശിയടക്കാൻ പകഞ്ഞീടുന്നഎന്നെമനം വെന്തുരുകി
ഒരുദിനംനാം പുതുനിലാവിൽ മധുരമന്ദം അണഞ്ഞു
ഒരുമിച്ചിരുന്നധികനേരം വിവാഹവാർത്ത മൊഴിഞ്ഞു.
ഒളിയുതിക്കും മധുരഹാസം ഹസിച്ചുകൊണ്ടു കുഴഞ്ഞു
ഒരിക്കലുംഞാൻ ഒഴിക്കയില്ലെന്നു"റപ്പിച്ചുനീപറഞ്ഞു

* * * * * * * *

വരണമാല്യം അണിയിക്കാനായ"പലരുംനിന്നോടടുത്തു
വരട്ടെ;യെന്നുപറഞ്ഞു ബാപ്പ പലകുറിയും മടുത്തു.

പട്ടിണിയിൽപതിച്ചഎൻെറ കുടുംബംരക്ഷിച്ചീടുവാൻ
പട്ടണത്തിൽപണി'യിരന്നുസ്വഗേഹംഞാനുംവിട്ടന്താൻ

* * * * * * * *

ഇരവുപകൽ കഠിനവേലയെടുത്തുഞാനും കഴിഞ്ഞു
ഒരുദിവസം, ഒരുദിവസം അണയുമെന്നു് കരുതി
കഴിഞ്ഞദിനം ലഭിച്ചനിൻെറ ക്ഷണനക്കത്ത് കരമിൽ
കരംവിറച്ചു എഴുത്തിൽനിന്നു് തലയുയർത്തി തരത്തിൽ
പറഞ്ഞുഞാനെൻ സഖാവിനോടു "വിവാഹവാർത്ത
അറിഞ്ഞോ ?
പൊടിപൊടിച്ചുകഴിയുംപോലുംപ്രണയിനിവിവാഹം"
മറന്നുപോയൊ, മറന്നുപോയൊ മധുനുകർന്ന നിമിഷം
മധുരരാക്കൾ മറന്നുപോയൊ മധുവിധുവിൽ മയങ്ങി.

KOTTAYAM PUBLIC LIBRARY KOTTAYAM.

## വേശ്യ

വി. എ. മുഹമ്മദ്

[രീതി:— "അടിപെട്ടുകൊത്തിപ്പുടിത്താരൊ — ചായൽമാത്രം"]

പൊരിയും വിശപ്പിൻ വിളിയാലെ-മേന്മ
പെരുമകളൊന്നും നിനക്കാതെ
അലതല്ലും ദാരിദ്ര്യതീയാലെ-വയറിൻ
അലയും മുറയും സഹിയാതെ
താരുണ്യം വില്പാനൊരുങ്ങാതെ-പശി
തണിയേണമെന്നാശയത്താലെ.

അരുണോദയത്തിൻെറ പിന്നാലെ—ഞാനും
അരുമയാൽ ആരും അറിയാതെ
നടകൊണ്ടു ജീവൻ കൊതിയാലെ—കഷ്ടം
നടിനം മനസ്സിൽ നിനക്കാതെ
ദൂരംവഴിയും നടന്നല്ലൊ—എൻെറ
ദേഹം തളൎന്നു കുഴഞ്ഞല്ലൊ.
പാരം വിശപ്പാൽ വലഞ്ഞല്ലൊ—സൂൎയ്യൻ
പാതിപകലിലണഞ്ഞല്ലൊ
കണ്ടൊരുമാവിൻ തണലല്ലൊ—ദൂരം
ഉണ്ടതിൽവേഗം നടന്നല്ലൊ
പാതിവഴിക്കകം ചെന്നല്ലൊ—എൻെറ
പാദം കുഴഞ്ഞങ്ങുവീണല്ലൊ.
വീണുടൻ നോവ് പെരുത്തല്ലൊ—എൻെറ
ബോധം തടിയിന്നകന്നല്ലൊ
ബോധംതെളിഞ്ഞു നളത്തല്ലൊ—ഞാനും
കൂരക്കകത്തിൽ കിടപ്പല്ലൊ
എന്നരികത്തിലായുണ്ടല്ലൊ—ഒരു
പൊന്നാര ഉമ്മ ഇരിപ്പല്ലൊ ?
കാരുണ്യവാക്കാൽ മൊഴിന്താരൊ—"മകൾ!
കാരുണ്യപ്പൂമലർ പുന്നാരോ!
ഒട്ടും ഭയം വേണ്ട കണ്ണാരോ—എന്നിൽ
ഉണ്ടൊരു പൊൻമകൾ തേനാരോ!"
ചൊല്ലീ കുറെനേരം ചെന്നാരോ—ഒരു
ചൊങ്കി എനതിൽ അടുത്താരോ.

താരുണ്യപ്പൂവിൻ തളിരാരൊ—എന്നെ
താലോലം ചെയ്യാൻ മുതിന്നാരൊ.
അരുമയിലാടിക്കളിച്ചാരൊ—ഞങ്ങൾ
ഒരുവാരം ഒത്തുകഴിച്ചാരൊ.
അദ്ദിനം സന്ധ്യക്കട്ടെത്താരോ—ചില
അദ്ധ്ക്കണ്ണാളരെ കണ്ടാരോ.
അമ്പിളി വാനിൽ തെളിഞ്ഞാരൊ—എന്നിൽ
അന്ധകാരം വന്നട്ടത്താരൊ.
പൊൻതടിയിൽ വിറപൂണ്ടാരോ—പാരം
പൊൻകണ്ണിൽ വെള്ളം നിറഞ്ഞാരോ.
ദാരിദ്രപുഷ്പക്കനിയല്ലൊ—എന്നിൽ
ദാരുണസംഭവം വന്നല്ലോ.
ചാരിത്രം രക്ഷിപ്പാനില്ലല്ലോ—വഴി
ചേലൊത്തമാതാങ്ങിില്ലല്ലോ.
ചേക്കമ്മസോദരിയാണല്ലൊ—അവൾ
ചണ്ഡാളന്മാക്ക് തുണയല്ലൊ.
ചോരന്മാരിന്നൊഴിവില്ലല്ലോ—എൻെറ
ചാരത്തൊരുക്കൂര ഇല്ലല്ലോ.
അല്ലലാൽ ജീവിതം പോകുന്നേ—എന്നിൽ
മല്ലർപഹയരടുക്കുന്നേ.
ഇരകണ്ട്, വൻപുലിയാണല്ലൊ—അവർ
ഇരുവരുമെന്നെപ്പിടിച്ചല്ലൊ.
തത്തിരപ്പെട്ടു കരഞ്ഞല്ലൊ—ഞാനെൻ
തത്തമ്മചുണ്ടാൽ മൊളിന്തല്ലൊ.
കന്നിയാൾ ഞാനാണെന്നത്തല്ലൊ—ഉടൻ
കൺമ്മുഖം പൊത്തിപ്പിടിച്ചല്ലൊ.

ചാരിത്രരക്ഷക്കെതിർത്തല്ലൊ--എൻെറ
ചേലൊത്ത ദേഹം തളന്നല്ലൊ

*　*　*　*　*　*

നാളിതുക്കൊല്ലം കഴിഞ്ഞല്ലൊ--എന്നിൽ
നല്ലൊരു ബാലൻ പിറന്നല്ലൊ
മാണിക്കപൊന്മണിമോനല്ലൊ--അവൻ
മേടക്കെതിരോർ തുണയല്ലൊ

**　**　**

"ചൂഷകവർഗ്ഗപ്പണക്കാരെ!-നിങ്ങഠം
സൂക്ഷിച്ചുകൊള്ളതക്കൊരെ!
പകലിൽപതിതരാംകൂട്ടരെ--ദീനിൽ
പരമാത്ഥം ചൊല്ലുന്നചേഷ്ടരെ!
ഇരവിൻെറ വഞ്ചകർ കൂട്ടല്ലെ ?--നിങ്ങഠം
തെരുവിൻെറ മക്കഠംക്കബുAവല്ലെ ?
Bദീനിൽ മുറവിളി കൂട്ടല്ലെ!--നിങ്ങഠം
ദീനിൻെറ വേരറുത്തീടല്ലെ."

## വേർപാടു്.

കെ. ബി. അബൂബക്കർ.

[രീതി:- "പൊരുത്തംബീ ആയിശ........"]
പാലൊളി വീശുന്ന പൂനിലാവേററുഞാൻ
പരവശ്നായി പ്രതീക്ഷിച്ചിരിക്കുമ്പോഠം
കാലിലണിഞ്ഞ തളയുടെ നാദത്തെ
കേഠംക്കുവാൻ കാതുകഠം കാത്തിരുന്നീടുമ്പോഠം

A പിതാവു് B മതം.

വാനിലൊളിയുന്ന മിന്നൽപിണർപോൽ
വന്നണഞ്ഞെൻമുന്നിൽ വെള്ളിനക്ഷത്രംപോൽ.
പ്രേമപാരവശ്യം പൂണ്ട നിൻഹൃത്തടം
താമരപ്പൂപോൽ മുഖത്തിലൊളിയുന്നു.
താരാപഥം വിട്ടതാരം കണക്കപോൽ
പാരം തളർന്നുള്ള മാൻപേടയെന്നപോൽ
മോഹനമേനിയിൽ ആലസ്യംപൂണ്ടപോൽ
സ്നേഹമദം പൂണ്ടു വാടിത്തളർന്നപോൽ
പച്ച നിറഞ്ഞുള്ള പുൽത്തകിടി തന്നിൽ
പാത്തിട്ടിരുന്നു നീയെൻമേനിയിൽ ചാരി.
ചാരത്തിരിക്കുന്ന കാമിനിയാളെ ഞാൻ
ചേലോടെ കാണുവാൻവേണ്ടി നോക്കിപ്പോൾ

*    *    *    *    *    *

കാമിനിഫാത്തിമ്മപൂവിചമഞ്ഞുള്ളെ
ഓമനമാലികമാറിൽ തിളങ്ങുന്നു.
പച്ചബനാറസിൻസാരി അതിൻമീതെ
പൊന്നിന്നരഞ്ഞാണം പൂട്ടിയതിൽപിന്നെ.
മാറേറവം പൊന്നിൻവളകൾ വലംകയ്യിൽ
മറുകയ്യിൽ തങ്കച്ചെയിൻപൂട്ടിയ വാച്ചുണ്ടു്
പത്തരമാററുള്ള തങ്കത്തിൻമോതിരം
പാടകംകാലിൽ ചിലമ്പുമീ ആഭരണം.

*    *    *    *    *    *

നമ്രമുഖിയായിരിക്കുന്നവളോടു്
"നാണിച്ചിടേണ്ട നീ ചൊല്ലു തീരുമാനം?"
"എന്നേക്കുമായെൻ ഹൃദയം വരിച്ചുള്ള
മാനിതമാരെ മാററങ്ങൾ വന്നുപോയ്"

നാളെ ഈ രാത്രിയിൽ എന്നെ ഒരുത്തന്നു്
വേളികഴിക്കുവാൻ ബാപ്പ ഉറപ്പിച്ചു.
ആജ്ഞക്കെതിരാതിരിക്കുവാൻ മാത്രം ഞാൻ
ആയിക്കഴിഞ്ഞില്ല ഇന്നും അബലയാം.
അതിനാലവസാനക്കാഴ്ച ഇതായിട്ടു്
മതിയാക്കാം മാരരെ നമ്മൾക്കകന്നിടാം."
സ്വപ്നത്തിലെന്നപോൽ കേട്ടു ഞാൻ എല്ലതും
സന്താപത്തോടവൾ വേഗം അകന്നുപോയ്
എങ്കിലുംഎത്തടം നീറിപ്പുകഞ്ഞുപോയ്
പങ്കിലമാനസർ ചെയ്യുന്നതോർത്തിട്ടു്

# കരയുന്ന കവിത.

വി. എ. മുഹമ്മദ്.

(ചെറുപ്പകാലം മുതൽ സ്നേഹിച്ചു വളന്ന തൻെറ കാമുകി താരുണ്യം അവളെ തലോടിയപ്പോൾ സ്വന്തം ബാല്യകാലസഖാവിനെ വിസ്മരിച്ചതിൽ അത്യന്തം പരവശനായ കാമുകൻ തൻെറ സ്ഥിതിഗതികളെ ഓർത്തു വിലപിക്കുകയാണു്.)

(രീതി:—"കുതിത്തു്ബന്തു്ഉബൈബസെ........")

മനമോഹനമണിമാല്യമെ — എന്നിൽ
മദമുതിക്കും മണിതാരമെ.
മതിവാടിയിൽ വിലസിയെന്നും — ശൌഖിൽ
മണം വീശുന്ന മണിപുഷ്പമെ!
മമതയെന്ന ഒളിവിതറി — അന്നെൻ
മനംചിരിച്ച മണിതാരമെ.
മഹിയിലെൻെറ സുഖത്തിന്നായി — ട്ടന്നു്
മഹാഭാഗ്യങ്ങൾ വെടിഞ്ഞ പൂവേ!

1851
39425

ചിരകാലത്തെ സുഖങ്ങൾക്കായി — ദുഃഖം
ക്ഷിതിയിൽനല്കും ക്ഷമേശ്വരനെ.
വണങ്ങിനിത്യം വണക്കമേററി — നിൻെറ
വദനമിൽനിന്നഴക്കുനീക്കി.
സുഖസൌന്ദര്യസുരയായെന്നും — നിൻെറ
സുമുഖപ്രേമസുരരോടൊപ്പം
രമിച്ചുപ്രേമം പരിലാളിത്യം — തന്നിൽ
പരിത്യജിച്ചോ പരമദുഷ്ടേ.
മറന്നുവല്ലോ, മറന്നുവല്ലോ — ഇത്ര
ദ്രുതഗതിയിൽ മറന്നുവല്ലോ;
പുതുവർഷങ്ങൾ, പുതുവർഷങ്ങൾ — ഉഷമ
പുലരിയിൽ നീ മറന്നുവല്ലോ.
മഴവില്ലാകും പ്രേമംമഹിയിൽ — എന്നും
ഇല്ലെന്നറിഞ്ഞോ ഞാനും ഒഴിഞ്ഞെന്നൊന്നും.
മഹിയിൽപ്രേമസത്വനിഴലാംനിന്നെ — കാണും
നയനം എന്നും അടഞ്ഞീടട്ടെ.
ക്ഷിതിയിൽ നിൻെറമണിനാദത്തെ — കേൾക്കും
ശ്രവണയന്ത്രം നശിച്ചിടട്ടെ.
മധുപൂരിതമധുരപ്രേമ — നിഴലാം
മധുവെനിൻെറ മണിമാർനോക്കി.
മധുകണ്ണീർ പൊഴിച്ചുനിത്യം — എൻെറ
മദനദേഹം നശിച്ചിടട്ടെ.

KOTTAYAM PUBLIC LIBRARY KOTTAYAM.

## തങ്കക്കിനാവുകൾ. .

കെ. ബി. അബൂബക്കർ.

(രീതി:—"അഹദിയത്തെന്നടിമരട്ടിൽ........"
മനുജരെല്ലാം ജീവിതത്തിൻ
മധുനുകന്നു വാണിടുന്നു.

മഹീതലത്തിൽ മഹിമയോടെ
മധുരഹാസം മേവിടുന്നു.
പട്ടിണിയും പാട്ടമൊന്നും
പാരിടത്തിൽ കാണുകില്ല.
ശാന്തിനാട്ടിൽ ആകമാനം
കാന്തിനൃത്തമാടിടുന്നു.
സർവ്വസാഹോദര്യമുണ്ട്.
സത്യസന്ധതയുമുണ്ട്.
കഷ്ടകാലരോദനങ്ങൾ
ദുഷ്ടതതൻചേഷ്ടിതങ്ങൾ
വീട്ടിൽലൊന്നും കാണുകില്ല
നാട്ടിലൊന്നും കേൾക്കുകില്ല.
ഇല്ല പണക്കാരനെന്നും
അല്ല പണിക്കാരനെന്നും
ഇല്ല മുതലാളിയെന്നും
അല്ല തൊഴിലാളിയെന്നും
ഇങ്ങിനെ തരം തിരിക്കൽ
എങ്ങുമെങ്ങും കാണുകില്ല.
ജീവിതം സുശോഭനമായ്
സർവ്വരും കഴിച്ചിടുന്നു
അല്ലലുകളാവലാതി
തെല്ലുപോലും കേൾക്കുകില്ല
മറ്റിതുരോ, മറ്റുകരോ
മന്നിലൊന്നും കാണുകില്ല.
ഇത്തരത്തിൽ പാരിതാകെ
പുത്തനായ സ്വർഗ്ഗമായി

* * * * * *

കോഴിയൊന്നു കൂകിയപ്പോൾ
കണ്ണുകൾ മിഴിച്ചുനോക്കി
കൂരിരുട്ടെൻ ചുററുപാടും
കൂത്തടിച്ചു നിന്നിരുന്നു.
പങ്കമററീ വാത്തയെല്ലാം
തങ്കമാം കനവായിരുന്നു.

*          *          *

പട്ടിണിയും പാട്ടമെല്ലാം
നാട്ടിലെങ്ങും കണ്ടിടുന്നു
ചൂഷണവും, മട്ദനവും
ഏഷണിയും, മോഷണവും
അല്ലലുകളവലാതി
ആശയും നിരാശകളും
വഞ്ചിയും സഹിച്ചൊടുവിൽ
വിപ്ലവം അടുത്തിടുന്നു.

---

## സല്ലാപത്തിൻെറ പിന്നിൽ

വി. എ. മുഹമ്മദ്

[രീതി:––"തൊങ്കൽ"]

കാമുകൻ:––

ഒണ്ടായവൻതിരുഖുദ്റത്താലെ
ഒട്ടക്കം നബി തൻെറ പുകൾ ഹക്ക്ഖാലെ
കത്തൻഅരുൾ പടി ഇഹലോകത്തിൽ
കത്തിതെളിമുന്തി അതിമോദത്തിൽ
മന്നിൽ എനൈദില്ലിന്നരശിയാളെ!
മന്നം എനൈദില്ലിന്നിണയായോളെ!

മുല്ലമലരിലും മണം വീശുന്നെ,
വല്ലീകുലത്തിലും കതിർ വീശുന്നെ.
നാരീമന്നിമത്തിന്നറിവാനായി
നേരിൽ പറഞ്ഞാൽ കത്തിതുനാലായി.
കരമിൽ കനിവാന്ന കനിതേനാളെ!
കരളിൽ തളപൂണ്ട സുകൃതിയാളെ!
തേനിൽ രസംമുന്നും തെളിമെയ്യാളെ!
തരുണീകുലത്തിലെ കുളിർമയാളെ!
ചെന്താമരത്തളിരൊളിയുള്ളോളെ!
ചെമ്മേ മണം ചിന്നും മലർമെയ്യാളെ!
ഒത്തുശമത്തുന്ന ദിനങ്ങളെല്ലാം
ഒരുമിച്ച നൈമനം മറന്നോ എല്ലാം
വിത്തപ്രതാപത്താൽ നശിച്ചോ എല്ലാം
ചിത്തം ഗുണം കണ്ടിട്ടൊഴിച്ചോ എല്ലാം
പ്രയണപ്പൂതൂപൂക്കൾ കരിച്ചല്ലോ നീ
പണമാംപിശാചിനെതൊഴുതല്ലോ നീ
ഒരുനാളുമൈമാറിലണഞ്ഞനാളിൽ
ഒരുമാവിശേഷങ്ങൾ മൊഴിന്തനാളിൽ
അരുമാസഖിയാംനീതളിർച്ചുണ്ടാലെ
അരുളേകിയ്മൊഴി മറന്നല്ലോ നീ
കത്തും കരളിൽനിന്നലിവാന്നത്തെ
കുളിർമ്മാമണീപുഷ്പമണിമാമുത്തെ
ചിത്തം തെളിഞ്ഞെന്നിൽ അടുത്തീടുമൊ?
ചേച്ച്ക്കനെവാടം അരുളീടുമോ?

കൂറും വിശേഷങ്ങൾ ചുരുക്കീടുന്നേ,
കൂറാൽ അധരത്തെപ്പുണർന്നിടുന്നേ.

[രീതി:- "കപ്പപ്പാട്ട്...."]

കാമുകി:—

മുത്തിൽനിന്നുത്തെ പുതുമലർച്ചെണ്ടേ
മുന്തുന്ന ജ്ഞാനമണിമലർച്ചെണ്ടേ
കത്താലെ കത്തുന്ന ഹൃത്തടം കണ്ടേ
കത്തൽ അരുളാലെ കാത്തിരിപ്പുണ്ടേ
അത്തൽ പുകിന്തോടിയദ്ദിനമെല്ലാം
ആശതൻ പാശത്തിരിപ്പുണ്ടതെല്ലാം
പണവും ചുണയും ബഡായികളെല്ലാം
പാവനപ്രേമത്തിൽ ശാശ്വതമല്ല.
ഒരുനാളെന്നെമാറിലോമ്മിക്കുന്നുണ്ടോ?
ഓശാരപന്തുകളിച്ചതുപണ്ടോ?
മാനിതരിന്നും കൊതിക്കുവതുണ്ടോ?
മാകന്ദപൂന്തേനിന്നാശകളുണ്ടോ?
ഉണ്ടെങ്കിൽ വന്നെന്റെ അന്തികത്തെത്തി
ഉള്ളാശ തീർത്തിട്ട് പോകാംക്ഷണത്തിൽ
സത്താൽ കടഞ്ഞുള്ള പുന്നാരമുത്തേ
അത്തലാൽ നീറി പുകയേണ്ട സത്തേ
ചിന്തം തെളിന്തു് മുതിന്ന്നടന്ത്
ചേരുന്നനാളേതെന്നെന്നു് നിനന്തു്
കൂട്ടിൽകെണിഞ്ഞുള്ള പ്രാവിനോടൊത്തു്
കൂടിക്കഴിയുമീപാപിയെന്നോത്തു്.
തന്നിന്നതിനുള്ള താലോലക്കത്താൽ
തണിയേണമെന്നാശപ്പൂമേനിയൊത്താൽ.

# പരമാർത്ഥങ്ങൾ

കെ. ബി. അബൂബക്കർ.

[രീതി:- "പൊങ്കിമൊഴി........"

വന്നുപറഞ്ഞു പിതാവാനെ —ഒന്നും
തന്നില്ല മോളെ കരയല്ലെ.
കാരുണ്യംകാട്ടുന്നോരുണ്ടല്ലോ--നിൻെറ
താരുണ്യം വേണം അവക്കല്ലൊ.
ദീനും നെറിയും വെടിഞ്ഞാലെ--വല്ല
തീനും കുടിയും ലഭിക്കുലൊ.
പട്ടിണി പാരം പറഞ്ഞപ്പോൾ--തൻെറ
പാട്ടുകൾ പാടി മുതലാളി.
"ഞാനെന്തു് ചെയ്യൂൻെറ മക്കാരെ--ഇന്നു്
മാനക്കേടായല്ലൊ മക്കാരെ.
കോളേജ് ഫണ്ടിലേക്കായിരം--പോരെ
കോഴിക്കോട്ടുള്ളവക്കായിരം
എല്ലാരും പോരുന്നിവിടേക്ക്--പിന്നെ
എന്താണു് ചെയ്യുക മക്കാരെ.
സകാത്തും പുറമെ സദക്കയും--പിന്നെ
സംഭാവനയും മററും മററും
എന്നെക്കൊണ്ടാവില്ല മക്കാരെ--ഇപ്പോൾ
തന്നിടാനൊന്നുല്ല മക്കാരെ."

* * *

ഭൂമി മറിഞ്ഞില്ല ആകാശം--താഴെ
വീണില്ല സ്വത്തിന്നവകാശം.
ഇസ്ലാമിന്നിസ്സത്തു് കാണില്ല--തീരെ
ഇസ്ലാമിയത്തു് നടപ്പില്ല

നിർബ്ബന്ധദാനം കൊടുക്കില്ല. –ആരും
നാണിഭക്കുറവും കുറക്കുല.
സാഹോദര്യത്വം പുലൎത്തുല––സൎവ്വം
ഗർവ്വുകളൊട്ടും കുറക്കുല.

* * *

പുത്രിപറഞ്ഞു പിതാവോട്ട്––"ബാപ്പ
പായ നിവൎത്തി, കിടന്നോളിൻ.
പാരം വിശപ്പ് തടിക്കുണ്ട്––പക്ഷെ
പാക്കുവാൻ നമ്മൾക്കിന്നാരുണ്ട്."
ചെററപ്പുരയുടെ വാതില്‌––പാത്തു
ചാരി; കിടക്കാൻ മുതിന്നപ്പോൾ.
വാതുക്കൽ വന്നൊരാൾ മുട്ടുന്നു––ഇതാ
"വാതൽ തുറക്കു മക്കാരുക്കാ."
മക്കാര് തട്ടിയേഴുന്നേററു––വേഗം
തക്കക്കാരാരെന്ന് നോക്കീട്ട്.
വാതിൽ തുറന്നു നളത്തപ്പോൾ––അത്
നേതാവ് ഖാലിദായിരുന്നു.
ഖാലിദിൻ കയ്യിലിരിക്കുന്ന––സഞ്ചി
ചേലോടെ നീട്ടി മക്കാരിന്ന്.
"കഞ്ഞി വെച്ചോളിൻ മക്കാരുക്ക"––എന്ന്
കാരുണ്യത്തോടെ പറഞ്ഞിട്ട്
വേഗം സ്ഥലംവിട്ടു ഖാലിദ്––അപ്പോ
വിങ്ങികൊണ്ടോതിടൈമക്കാരു.
"ഇസ്ലാമിൻശത്രുവും വാട്ടിൻെറ––ഉപാത്തു
"ഇൻകുിലാബു'മാണ് ഖാലിദ്.
ദീനും നെറിയും അവനില്ല––തീരെ
മാനവും നീതി അവക്കില്ല.
വയറിൻ മുറവിളി കേൾക്കുവാൻ––ഇന്ന്
വന്നവൻ ഖാലിദായിരുന്നു."

# വരും സുദിനം

കെ. ബി. അബൂബക്കർ.

(രീതി:- "മാനിതകൊതിഖൽബിൽ........")

പൂമല്ലമധുവാളെ! കനിയെ, എൻകിളിയാളെ!
പാരിലെൻഹൃദയത്തിന്നരശിയാളെ!
ദാമ്പത്യപ്പരിമളപ്പരിധിയിൽ വിളങ്ങി നാം
ദാഹത്താൽ മധു കുറെ നുകന്നു പിന്നെ
ശോകമാംവിരഹത്താൽഎന്നെകൽബിൽകുടികൊള്ളും
ഖേദത്തെ കുറിക്കുവാൻ കഴിവില്ലല്ലൊ?
പുഞ്ചിരിപൊഴിച്ചീടും ഉന്നെമുഖം നല്കുവാൻ
പാടില്ലെന്നുരത്തിടുന്നവകാശികൾ
നിർദ്ദയനിയമങ്ങൾ നടത്തുന്ന സമുദായം
നമ്മെ, യിമ്മുഹബ്ബത്തിന്നകററീടുന്നു.
നിത്യവും നിരാശയാൽ ശയനശയ്യയിൽ നിന്നു
നോക്കുമ്പോൾ പ്രതിബന്ധം പലതുണ്ടെന്നിൽ
ആജ്ഞയാൽ അവകാശം ലവലേശം എനിക്കില്ല
ആകയാൽ മനം നീറിപ്പുകഞ്ഞീടുന്നു.
എങ്കിലുമൊരുദിനം അണയും നാം അടുക്കുവാൻ
ചൊങ്കിലീഹൃദയങ്ങൾ ഒരുമിക്കുവാൻ
അന്നു നീ അതിമോദാൽ വിരിയുന്ന സുമംപോലെ
വന്നെൻെറ സവിധത്തിലണഞ്ഞീടണേ
ആരംബക്കനിയേ നാം വിധിയാലെ പിരിഞ്ഞെങ്കിൽ
ആത്മാക്കൾക്കൊരുമിക്കാം പരലോകത്തിൽ

# ഒഴിഞ്ഞുമാറൽ

1851

വി. എ. മുഹമ്മദ്.

[രീതി:- "മിന്നൊളിവിൽതെളി........"]

കതിരോനിലും തെളിവേറുന്നെ
കനകപ്പുംപുഞ്ചിരി തൂകുന്നെ
കസ്തൂരിപ്പൂമണം വീശുന്നെ
സരളത്തരുൾപ്പൂമണി മാരനിലായ്
കനകസോപാനം മോഹിച്ചു
കനകപ്പൂമംഗലമാശിച്ചു
കാളിടും നരകം പേടിച്ചു
കഴിയുന്ന പൂമലർ മാരനിലായ്
പൊന്നിലൊളിമികും കനിയുണ്ടോ
പുന്നാരപുഷ്പക്കനിയുണ്ടോ.
പൊങ്കിടും മിന്നസക്കനിയുണ്ടോ
സരളത്തരുൾപ്പൂമണിമാരനിലായ്
ദീനിയമാശമികച്ചുള്ളെ
ദീപാവലിക്കു തെളിവുള്ളെ
ധീരതവീരക്കനിയുണ്ട്
സരളത്തരുൾപ്പൂമണിദീനോരിൽ
ചാരുതപശീലക്കനിയുണ്ടോ
ചെന്താമരപ്പൂക്കനിയുണ്ടോ
ചെണ്ടിലലംകൃതക്കനിയുണ്ടോ
സരളത്തരുൾപ്പൂമണിദീനോരിൽ

പാലൊളിതൂകും നിലാവേററാൽ
പാലായി മാറുന്ന ഭാവത്താൽ
പാറിട്ടും കുസുമക്കനിയുണ്ടു്
സരളത്തരുഠംപ്പൂമണിദീനോരിൽ
കനിയിൽ വിവത്തനം നില്ക്കട്ടെ
കണ്ണായ കനിയെക്കാണട്ടെ
കാരുണ്യപ്പൂമലർ കാണട്ടെ
കണ്ടാശതീരുമെന്നറിയട്ടെ.
എങ്കിലതങ്ങിനെയാവട്ടെ
എന്താണതിൻ വില കേഠംക്കട്ടെ
ഏകിട്ടും പൊന്നുകളറിയട്ടെ
സത്തായ പുഷ്പത്തരുഠംകനിയിൽ
കരളെ! എന്മകഠം പശുവല്ല
കണ്ടോരിൽ വില്പന ചെയ്യില്ല
കാണ്മാൻ പൊന്നതെനിക്കില്ല
സത്തായ പുഷ്പത്തരുഠം കനിയിൽ
ധാത്രിയിലിത്തരം കനിവേണ്ട
ധീരതവാക്കു് പറയേണ്ട
ദാരിദ്ര്യപുഷ്പക്കനി വേണ്ട
സരളപ്പൂ പൂമണിമാരനിലായ്

# പ്രോത്സാഹനം 39425

കെ. ബി. അബൂബക്കർ.

[ഉഹദ്‌യുദ്ധത്തിൽ മുസ്‌ലിംകളുടെ അനിതരസാധാരണമായ കുതിച്ചുകയററത്താൽ പിന്മാറുവാൻ ശ്രമിച്ച അമുസ്‌ലിം സൈന്യങ്ങളെ പ്രോത്സാഹിപ്പിച്ചുകൊണ്ടു് ഹിന്ദ് തുടങ്ങിയ ഖുറൈശി വനിതകൾ പാടിയ അറബി കവിതയുടെ ആശയാനുവാദം.]

[രീതി:- "പോലെ നടപ്പ്........"]

ധീരന്മാരാകും നമ്മുടെ
വീരന്മാരാം യോദ്ധാക്കളെ!
അബ്ദുദ്ദാറിൻെറ മക്കളെ,
ആമോദമോന്നു നില്ലുക!

പിന്മാറുവാൻ കരുതുന്ന
പട്ടാളമെ, നിരക്കുക!
മിന്നിത്തിളങ്ങും വാളിനാൽ
മാറുകളെ പിളക്കുക!

വിണ്ണിലെ താരയെന്നപോൽ
വിശ്രുതിപെററ നമ്മുടെ
വീരന്മാരാം പിതാക്കളെ,
ശൂരരാകും സുതന്മാരെ!

പാരം സുഗന്ധം വീശുന്ന
പട്ടു ലിബാസുടുക്കുന്ന
അന്ന നട നടക്കുന്ന
അപ്സരസ്ത്രീകളാം ഞങ്ങൾ!

കേശനിരയിൽ കസ്തൂരി
കണ്ഠത്തിൽ മുത്തുമാലയും
ചൂടിനടക്കും ഞങ്ങളാം
ധാടിമികച്ച നാരികൾ

ധീരധീരം പടവെട്ടി
വൈജയന്തിക്കൊടി നാട്ടി
വന്നണയുന്ന ശൂരക്ക്
വേണ്ടിയിരിക്കും ഞങ്ങള്

ഭീരുക്കളായി പിന്മാറി
നാരികളെ പുണരുവാൻ
മോഹിക്കും കോമരങ്ങളെ
ആട്ടിപ്പായിക്കും ഞങ്ങള്

പോകുക! ധീരം മുന്നോട്ട്
പോകുക! ധീരം മുന്നോട്ട്
പാറിടട്ടെ പതാകകൾ
മക്കയുടെ പതാകകൾ.


## മുല്ലമാല

കെ. ബി. അബൂബക്കറിൻെറ കവിതകളും
മാപ്പിളപ്പാട്ടുകളും

വില 25 ന. പ.

## ആമിനാ ബുക്ക് സ്റ്റാൾ,

തൃശ്ശൂർ-1. കേരളം


Printed at Vivekananda Printing Works, Trichur.

KOTTAYAM PUBLIC LIBRARY
JAWAHAR BAL BHAVAN & CHILDREN'S LI
TAYAM.
18
29

JAWAHAR BALBHAVAN & CHILDREN'S LIBRARY

KOTTAYAM

(A PROJECT OF KOTTAYAM PUBLIC LIBRARY)

Cl. No MA-10 Acc No 1805/

This book should be returned on or before the date last stamped below.

MA-10

കെ.ബി. അച്ചുതൻ
നങ്ങത്തിനാവുകൾ

1851